## പതിനാലാം കേരള നിയമസഭ

### പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1146 — 05.03.2018-ലെ മറുപടിക്ക്

**'കരം ഒടുക്കുന്നതിനുള്ള അനുവാദം'**

**ചോദ്യം**
**ശ്രീ. ബി.സത്യൻ**

**മറുപടി**
**ശ്രീ.ഇ.ചന്ദ്രശേഖരൻ**
**(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | ആറ്റിങ്ങൽ നിയോജക മണ്ഡലത്തിലെ തൈവിളാകം പ്രദേശത്ത്, മണമ്പൂർ വില്ലേജ് മുൻ സർവ്വേ നമ്പർ - 2519, 2565, 1530 എന്നീ വസ്തുക്കളിൽ കരം ഒടുക്കുന്നതിനുള്ള അനുവാദം നൽകാനുള്ള നടപടി ഏത് ഘട്ടത്തിലാണ്; വിശദമാക്കുമോ; | (എ) യും (ബി) യും (സി) യും | മണമ്പൂർ വില്ലേജിലെ നിർദ്ധനരായ കോളനി നിവാസികൾ ഉൾപ്പെടുന്ന പ്രദേശത്ത്, ഭൂനികുതി സ്വീകരിക്കാത്തത് മൂലം പഞ്ചായത്തിൽ നിന്നുള്ള ആനുകൂല്യങ്ങളും, ബാങ്കിൽ ഭൂമി ഈട് വയ്ക്കുന്നതിനുള്ള തടസ്സങ്ങളും ഉള്ള സാഹചര്യത്തിൽ കരം സ്വീകരിക്കാൻ നടപടി തുടരുന്നതിന് ജില്ലാകലക്ടർ സ്പഷ്ടീകരണം ആവശ്യപ്പെട്ടതിനെ തുടർന്ന് 27/11/2017-ൽ ലാൻഡ് ബോർഡിന് ലഭ്യമായ എൻ2/37/2017/റവന്യൂ നമ്പർ കത്തിന്റെ അടിസ്ഥാനത്തിൽ ചിറയിൻകീഴ് താലൂക്ക് ലാൻഡ് ബോർഡ് ചെയർമാന്റെയും, തിരുവനന്തപുരം ജില്ലാ കലക്ടറുടെയും വിവിധ റിപ്പോർട്ടുകൾ ക്രോഡീകരിച്ചുകൊണ്ട് 09/01/2018-ലെ എൽ.ബി(ബി1)-23701/1994 നമ്പർ കത്തിലൂടെ ലാൻഡ് ബോർഡ് സെക്രട്ടറി റിപ്പോർട്ട് ലഭ്യമാക്കിയിരുന്നു. പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മണമ്പൂർ വില്ലേജിലെ ഭൂമി കൈമാറ്റങ്ങൾ നടന്ന വർഷങ്ങൾ, നിലവിലെ കൈവശക്കാർക്ക് ഭൂമി ലഭ്യമായതിന്റെ വിശദാംശങ്ങൾ, പ്രസ്തുത ഭൂമി അളന്ന് തിട്ടപ്പെടുത്തുന്നതിന് രൂപീകരിച്ച സർവ്വെ ടീമിന്റെ അന്തിമ റിപ്പോർട്ട് എന്നിവ പരിശോധിച്ച് നിയമാനുസൃതമായ നടപടി ഇക്കാര്യത്തിൽ സ്വീകരിച്ചു വരുന്നു. |
| (ബി) | അഡീഷണൽ ചീഫ് സെക്രട്ടറിയുടെ നമ്പർ എൻ2/37/2017/റവന്യൂ തീയതി 23.11.2017 കത്തിന്മേൽ സ്റ്റേറ്റ് ലാൻഡ് ബോർഡ് സ്വീകരിച്ച നടപടി വിശദമാക്കുമോ; | | |
| (സി) | പ്രസ്തുത കത്ത് ലാന്റ് ബോർഡിന് ലഭ്യമായ തീയതി, ലാന്റ് ബോർഡ് ചിറയിൻകീഴ് താലൂക്ക് ലാന്റ് ബോർഡിന് കത്ത് നൽകിയ തീയതി, മറുപടി ലഭ്യമായ തീയതി എന്നിവ വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ